13. ചാക്ക എന്നീ സ്ഥലങ്ങളിലും സംസ്ഥാന പാതയിൽ കോഴിക്കോട് പന്നിയങ്കര, വെസ്റ്റ്ഹിൽ, മീൻചന്ത, ഫറോക്ക് കണ്ണൂരിൽ പാപ്പിനിശ്ശേരി, വെങ്ങര, കാസർഗോഡ്, തൃക്കരിപ്പൂർ, ചെറുവത്തൂർ സ്റ്റേഷനിടയിൽ പീലിക്കോട്ടും മലപ്പുറത്ത് പരപ്പനങ്ങാടിയിലും പാലക്കാട് ഠൗണിൽ വിക്ടോറിയ ഹോസ്പിറ്റൽ റോഡിനും ബി.ഒ.സി. റോഡിനേയും ബന്ധിപ്പിച്ചുകൊണ്ടും മേൽപ്പാലം പണിയാനുദ്ദേശമുണ്ട്.

തൃശ്ശൂർ വിളപ്പായിൽ ലെവൽക്രോസിന് മേൽപ്പാലം പണിയാൻ നടപടി

118 (2098) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ നിന്നും മെഡിക്കൽ കോളേജിലേക്കുള്ള റോഡിൽ വിളപ്പായിയിൽ ലെവൽ ക്രോസിന് മേൽപ്പാലം ഇല്ലാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ മേൽപ്പാലം പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) മേൽപ്പാലം പണി എന്നേക്ക് തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ഇതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലം

119 (2099) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലം പണിയുന്നത് സംബന്ധിച്ച് റെയിൽവേ വകുപ്പിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലം കോസ്റ്റ് ഷെയറിംഗ് പദ്ധതി പ്രകാരം പണി നടത്തുന്നതിനായി റെയിൽവേക്ക് സർക്കാർ അപേക്ഷ നൽകിയിട്ടുണ്ടോ ;

(സി) ഈ പദ്ധതി ഡിപ്പോസിറ്റ് സ്കീം പ്രകാരം ആരംഭിക്കണമെന്ന് റെയിൽവേ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) റെയിൽവേയുടെ ഈ വർഷത്തെ വർക്ക് പ്രോഗ്രാമിൽ ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly